ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം




Vol. 64
No.: 12
December, 2021



www.ernakulamarchdiocese.org



അഭിവന്ദ്യ ആന്റണി കരിയിൽ പിതാവും
മോൺ. ആന്റണി നരികുളം അച്ചനും
ഫ്രാൻസിസ് മാർപാപ്പയുമായി
വത്തിക്കാനിൽ 2021 നവംബർ 25 ന്
കൂടിക്കാഴ്ച നടത്തിയപ്പോൾ

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

# വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ഓറിയന്റൽ കോൺഗ്രിഗേഷൻ - കത്ത് (കുർബാനയർപ്പണ രീതി) |
| 6. | സർക്കുലർ: 8/2021 ജനാഭിമുഖ കുർബാന |
| 8. | ബൈബിൾ ഞായർ - കെ.സി.ബി.സി. |
| 14. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (10) - മാർ യൗസേപ്പിന്റെ ഹൃദയശുദ്ധി |
| 16. | Engagements |
| 17. | കച്ചേരിക്കാര്യം |
| 21. | വാർത്തകളും വിശേഷങ്ങളും |
| 23. | Department of Catechesis |
| 26. | Department of Family Apostolate |
| 28. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 31. | ചിറ്റൂർ ധ്യാനകേന്ദ്രം |
| 32. | AICO |
| 33. | ബൈബിൾ അപ്പോസ്തലേറ്റ് |
| 39. | അതിരൂപതാ ഡയറി |
| 41. | വിഷയ സൂചിക 2021 |


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **12**
Month : **December 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Vattakattussery Valia Joseph, Kavil | 1893 | | 3-12-1933 |
| Fr. Palatty Hormis, Karukutty | 1883 | 1910 | 3-12-1967 |
| Fr. Kariyil John, Chalil | 1906 | 1934 | 4-12-1984 |
| Fr. Thaliath Carlos TOCD, Puthenpally | 1852 | 1877 | 6-12-1907 |
| Fr. Vattakattussery Joseph, Kavil | 1892 | 1922 | 6-12-1972 |
| Fr. Manavalan Joseph, Kadamakudy | 1907 | 1939 | 8-12-1997 |
| Mar Louis Pazheparambil, Pulinkunnu | 1847 | 1870 | 9-12-1919 |
| Fr. Mattam Thomas, Kizhakkummury | 1945 | 1971 | 9-12-2007 |
| Fr. Vithayathil Joseph, Kuthiathodu | 1899 | 1929 | 11-12-1987 |
| Fr. Puthussery Mathai, Edad | 1862 | 1891 | 12-12-1939 |
| Msgr. Kandathil Joseph, Kudavechoor | 1904 | 1933 | 12-12-1991 |
| Fr. Vattoly Ittoop, Kadukutty | 1886 | 1916 | 13-12-1937 |
| Fr. Thekkanath Devassy, Aluva | 1858 | | 14-12-1929 |
| Fr. Menomparambil Jacob, Thycattussery | 1902 | 1933 | 14-12-1942 |
| Fr. Mannara George, Thycattussery | 1891 | 1929 | 15-12-1957 |
| Fr. Kanat Philip, Konthuruthy | 1899 | 1929 | 15-12-1968 |
| Fr. Thottankara Mathai, Muttom | 1896 | 1923 | 18-12-1937 |
| Fr. Panjikaren Joseph, Muttom | 1903 | 1933 | 19-12-1977 |
| Fr. Muthampuzha Paul, Udayanapuram | 1919 | 1950 | 20-12-1993 |
| Fr. Mulavarikkal Joseph, Chowara | 1917 | 1947 | 20-12-2010 |
| Fr. Chully Rockey, Ayathupady | 1950 | 1977 | 24-12-2010 |
| Fr. Kurisumkal John, Kandanad | 1887 | 1906 | 26-12-1961 |
| Fr. Kattikaran Joseph, Ernakulam | 1867 | 1895 | 29-12-1929 |
| Fr. Puthussery Joseph, Edad | 1908 | 1934 | 31-12-1947 |
| Fr. Valookaran Varghese, Edakunnu | 1940 | 1966 | 31-12-2008 |
| Fr. Jacob Vithayathil, Muringoor | 1932 | 1957 | 31-12-2018 |

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

November 26, 2021

Prot. N. 463/2002

Your Grace,

I write, following your Audience with the Holy Father and meeting at the offices of the Dicastery, to confirm that this Congregation had never withdrawn the faculty of Eparchial Bishops to dispense as specified in canon 1538 of the *Codex Canonum Ecclesiarum Orientalium*.

Our Letter Prot. N. 248/2004 dated 9 November 2020 addressed to the Major Archbishop only sought to offer precision with regard to the proper use of dispensations, without in any way imposing additional restrictions on this faculty.

In virtue of your office as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, Your Grace can apply the faculty of dispensation for those cases, which, in your prudential judgment, would result in grave consequences with the entry into force on 28 November 2021 of the Synodal Decisions concerning the Holy *Qurbana*.

Your Grace will have the kindness to expose to the Major Archbishop and the Bishops of the Synod during the Session of January 2022 the ecclesial difficulties that you face in the Archeparchy.

Expressing the readiness of this Dicastery to be of any assistance and thanking Your Grace for the courteous attention, I renew my prayerful best wishes in Christ.

Sincerely,

✠ Leonardo Card. Sandri
Prefect

Rev. Flavio Pace
Under-Secretary

---

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 8/2021 26 നവംബർ 2021

എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

റോമിൽനിന്ന് എന്റെ സ്നേഹാശംസകൾ!

വിശുദ്ധ കുർബാനയർപ്പണം ഏകീകൃതരീതിയിലാക്കാൻ 2021 ആഗസ്റ്റ് മാസത്തിൽ സമ്മേളിച്ച സിനഡ് തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ഉടലെടുത്ത അജപാലനപ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആഗ്രഹത്തോടുകൂടി ഞാൻ റോമിലെത്തിയ കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയൊനാർദോ സാന്ദ്രിയെയും 2021 നവംബർ 25, 26 തീയതികളിൽ ഞാൻ സന്ദർശിക്കുകയും സിനഡിന്റെ മേല്പറഞ്ഞ തീരുമാനംമൂലം സംജാതമായിരിക്കുന്ന സ്ഥിതിഗതികൾ കൃത്യമായി ധരിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാവും കർദിനാൾ സാന്ദ്രിയും എന്നെ സശ്രദ്ധം ശ്രവിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഓരോ രൂപതയിലെയും വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തി, അജപാലനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമസ്ഥാനം അതതു രൂപതയുടെ മെത്രാനാണെന്ന വസ്തുത അവർ പ്രസ്താവിച്ചു. അതനുസരിച്ചു ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പൗരസ്ത്യ കാനൻനിയമത്തിലെ 1538-ാം കാനൻപ്രകാരം രൂപതാമെത്രാന്മാർക്ക് നല്കപ്പെട്ടിട്ടുള്ള അധികാരം പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഒരിക്കലും പിൻവലിച്ചിട്ടില്ലെന്ന് ഇന്ന് എനിക്ക് നല്കിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, 2020 നവംബർ 9-ാം തീയതി Prot No. 248/2004 പ്രകാരം കർദിനാൾ സാന്ദ്രി മേജർ ആർച്ച്ബിഷപ്പിന് അയച്ച കത്തിൽ കാനൻ 1538 നൽകുന്ന അധികാരം പ്രയോഗത്തിൽ വരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചു സൂചിപ്പിക്കുകയല്ലാതെ, ആ അധികാരത്തെ ഒരു വിധത്തിലും പരിമിതപ്പെടുത്തിയിട്ടില്ല എന്നും എനിക്കുള്ള കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തിയും അതിരൂപതയിലെ ഗൗരവതരമായ അജപാലനപ്രശ്നങ്ങൾ പരിഗണിച്ചും മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലായിടങ്ങളിലും സിനഡ് തീരുമാനമനുസരിച്ചുള്ള വിശുദ്ധ കുർബാന അർപ്പണ രീതിയിൽനിന്ന് (50:50) കാനൻ 1538 പ്രകാരം ഞാൻ ഒഴിവു നൽകുന്നു. 2021 നവംബർ 28-ാം തീയതി തന്നെ ഈ ഒഴിവു പ്രാബല്യത്തിൽ വരുത്താൻ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം എന്നെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ അറിയിക്കുന്നു.

സിനഡിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതി ആരംഭിക്കേണ്ട 2021 നവംബർ 28-ാം തീയതിയും തുടർന്നും എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലവിലിരിക്കുന്ന ജനാഭിമുഖകുർബാനയർപ്പണരീതി തുടരേണ്ടതാണ് (status quo). എറണാകുളം-അങ്കമാലി അതിരൂപതയുടെ കത്തീഡ്രൽ ദേവാലയം, വൈദിക-സന്യാസ പരിശീലനഭവനങ്ങൾ, സന്യാസഭവനങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ഇടവകകൾ എന്നിവിടങ്ങളിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയ്ക്ക് ഞാൻ നല്കുന്ന മേല്പ്പറഞ്ഞ ഒഴിവ് ബാധകമാണ്.

നവീകരിച്ച കുർബാന തക്സ 2021 നവംബർ 28-ാം തീയതി മുതൽ അതിരൂപതയിലെ എല്ലായിടങ്ങളിലും ഉപയോഗിച്ചു തുടങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിന് ആവശ്യകമായ പരിശീലനം ഇതിനകം നല്കിയിട്ടില്ലെങ്കിൽ എത്രയും വേഗം അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അതിരൂപതയുടെ നിർണ്ണായകമായ ഈ പ്രതിസന്ധിഘട്ടത്തിൽ പ്രശ്നപരിഹാരത്തിനായി ഇടപെട്ട പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയോനാർദോ സാന്ദ്രി പിതാവിനെയും നമുക്ക് നന്ദിയോടെ സ്മരിക്കാം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എനിക്കും അതിരൂപതയിലെ വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനും തന്റെ അപ്പസ്തോലിക ആശീർവാദം നൽകിയിട്ടുണ്ടെന്ന വിവരവും സന്തോഷപൂർവം ഞാൻ അറിയിക്കുന്നു.

സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഈ മംഗളവാർത്തക്കാലത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

റോമിൽനിന്ന് പ്രാർത്ഥനാശംസകളോടെ,

+ A. Kariyil

മാർ ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

Ref: 3592/K-5/KCBC/OL/DS 02-11-2021

# ബൈബിൾ ഞായർ

## 2021 ഡിസംബർ 19

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വചനം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി കേരള കത്തോലിക്കാസഭ ആചരിക്കുന്നു. ഇനിയും നമ്മെ പൂർണമായും വിട്ടകന്നിട്ടില്ലാത്ത മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷവും തിരുപ്പിറവിമഹോത്സവം നാം ആഘോഷിക്കുന്നത്. മരണത്തിന്റെ നിഴലിൽ എന്നോണം കഴിയുന്ന ജനത്തിന് ഇരുളിൽ ജ്വലിക്കുന്ന പ്രകാശമായി (യോഹ 1,5), ആശ്വാസത്തിന്റെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകി ക്രിസ്തുമസ് വീണ്ടും കടന്നുവരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനം സകലജനത്തിനുമുള്ള സദ്‌വാർത്തയാണ്.

### സകലജനത്തിനുമുള്ള സദ്‌വാർത്ത

2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻസിനഡിന്റെ പതിനാറാം പൊതുസമ്മേളനത്തിന് ആമുഖമായി പ്രസിദ്ധീകരിച്ച ഒരുക്കരേഖ സകലർക്കുമുള്ള സദ്‌വാർത്തയായ യേശുവിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കിടയിലേക്കും ഇറങ്ങിച്ചെന്ന യേശു, ദൈവകരുണ 'പക്ഷഭേദമില്ലാതെ' (അപ്പ 10,34) പകർന്നുനല്കുന്നതു നാം കാണുന്നുണ്ട്. ചുങ്കക്കാരനായ ലേവിയുടെയും (മർക്കോ 2,13-17) വിജാതീയയായ കാനാൻകാരിയുടെയും (മത്താ 1,21-28) ഏകാകിനിയായ സമരിയാക്കാരിയുടെയും (യോഹ 4,1-42) രോദനങ്ങൾക്കും നെടുവീർപ്പുകൾക്കും ചെവികൊടുത്ത്, യേശു അവരെ രക്ഷയുടെ തീരത്തേക്ക് കൊണ്ടുവരുന്നു. ഏതു സാമൂഹിക ശ്രേണിയിലുള്ളവരുടെയും നേർക്ക് വാതിലുകൾ തുറന്നിട്ടിരിക്കുന്ന അവിടന്ന്, ദൈവത്തിൽനിന്നകന്ന് ആത്മീയാന്ധകാരത്തിൽ കഴിയു

ന്നവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുള്ളവരെയും പ്രത്യേകമായി ദൈവരാജ്യത്തിന്റെ സാഹോദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ വേദനകളിലും തേങ്ങലുകളിലും ആശ്വാസവും പരാജയങ്ങളിലും തകർച്ചകളിലും ആലംബവുമാണ് ദൈവവചനമാകുന്ന യേശു.

### സദ്വാർത്തയ്ക്കായി കാത്തിരിക്കുന്നവർ

യേശുവിനെ പ്രഘോഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, യേശുക്രിസ്തുവാകുന്ന സദ്വാർത്തയ്ക്കായി തന്റെ ഹൃദയം തുറന്ന് കാത്തിരിക്കുന്ന വിജാതീയനായ കൊർണേലിയൂസിനെയും യേശുവിനെ പ്രഘോഷിക്കാനായി താൻ നാളിതുവരെ മുറുകെപ്പിടിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തിരുത്തി സ്വയം നവീകരിക്കാൻ തയ്യാറാകുന്ന പത്രോസിനെയും (അപ്പ 10) സിനഡിന്റെ ഒരുക്കരേഖ അവതരിപ്പിക്കുന്നു.

ക്രിസ്തുവിനായി തീക്ഷ്ണമായി ദാഹിക്കുന്നവരുടെ പ്രതിനിധിയാണ് കൊർണേലിയൂസ് എന്ന ശതാധിപൻ. റോമൻ അധിനിവേശസൈന്യത്തിലെ ഒരു പടത്തലവനായിരുന്നെങ്കിലും നിരന്തരം പ്രാർഥിക്കുന്നവനും ജനത്തിന് വളരെയേറെ ദാനധർമങ്ങൾ ചെയ്യുന്നവനുമായിരുന്നു ഈ വിജാതീയനെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. ഒരു ദൈവദൂതൻ അവന്റെ ഭവനത്തിലേക്ക് കടന്നുചെന്ന്, ദൈവം അവനെ ശ്രവിച്ചിരിക്കുന്നു എന്നു പറയുമ്പോൾ യേശുവാകുന്ന നിറവിൽ എത്തിച്ചേരാനുള്ള കൃപയാണ് അവനു ലഭിക്കുന്നത്. കർത്താവ് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന (അപ്പ 10,33) കൊർണേലിയൂസും കുടുംബവും പത്രോസ് അപ്പസ്തോലനിലൂടെ 'സദ്വാർത്ത' സ്വീകരിക്കുന്നതും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ ചക്രവാളങ്ങൾ തുറക്കുന്നതും നാം പിന്നീട് കാണുന്നുണ്ട്. ദൈവവചനം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്, എല്ലാ ജനഹൃദയങ്ങളിലും അതിന് ഇടം ലഭിക്കുമ്പോഴാണ്. വചനത്തിനായി ദാഹിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ടെന്നും അതിർവരമ്പുകളൊന്നും വചനത്തിനു പ്രതിബന്ധമല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. യേശുവിനായി കാത്തിരിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സദ്വാർത്ത എത്തിക്കാനുള്ള ആഹ്വാനം ഈ തിരുപ്പിറവിത്തിരുനാൾ നമുക്കു നല്കുന്നു.

## സദ്വാർത്തയും ആത്മനവീകരണവും

സദ്വാർത്ത പ്രഘോഷിക്കാൻ നാം ഒരുങ്ങേണ്ടതുണ്ട് എന്നു വ്യക്തമാക്കുന്നതാണ് പത്രോസിനുണ്ടാകുന്ന ദർശനം (അപ്പ 10,9-16). വചനവിത്തുകൾ സ്വീകരിക്കാൻ വയലുകൾ സജ്ജമാണെങ്കിലും വിത്തു വിതയ്ക്കുന്നവർ അതിനായി തയ്യാറാകേണ്ടതുണ്ട്. കൊർണേലിയൂസിനെ 'സദ്വാർത്ത' അറിയിക്കാനായി പത്രോസിനെ ദൈവം ഒരുക്കുന്നത് സർവജീവജാലങ്ങളെയും കൊന്നുഭക്ഷിക്കാൻ നിർദേശിക്കുന്ന ഒരു ദർശനവിവരണത്തിലൂടെ അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. പത്രോസ് ഇവിടെ ആദ്യം നല്കുന്ന മറുപടി ശുഭകരമല്ല: “കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല” (അപ്പ 10,14). ആചാരാനുഷ്ഠാനങ്ങളിൽ പടുത്തുയർത്തിയ മതവിശ്വാസവും മറ്റു ജനവിഭാഗങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ് തങ്ങൾ എന്ന സാമുദായികബോധവും പരമപ്രധാനമായി കരുതിയ ഇസ്രായേൽ പാരമ്പര്യത്തിൽനിന്ന് പുറത്തു കടക്കാനുള്ള പത്രോസിന്റെ വൈമനസ്യമാണ് ഇവിടെ നാം കാണുന്നത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്തെന്ന കാരണത്താൽ ഈ സമൂഹത്തിനു പുറത്തുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാതെ, തന്റെതന്നെ ലോകത്തിലേക്കു ചുരുങ്ങിപ്പോകുന്ന പത്രോസിന് സുവിശേഷവത്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും ഈ ദർശനത്തിലൂടെ വെളിപ്പെടുന്നു.

തന്റെ ജീവിതകാഴ്ചപ്പാടുകളിൽ മാറ്റംവരുത്താൻ കർത്താവ് ഒരു ദർശനത്തിലൂടെ നിർദേശം നല്കുന്നതുവഴി സുവിശേഷം സർവജനത്തിനും വേണ്ടിയുള്ളതാണെന്നും അത് അവരിലെത്തിക്കാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും പത്രോസ് തിരിച്ചറിയുന്നു. വിജാതീയനായ കൊർണേലിയൂസിന്റെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹം തയ്യാറാകുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ പുതിയൊരു ചുവടുവയ്പ്പാണ്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യവ്യക്തിയും അസ്പർശ്യനോ അയോഗ്യനോ അല്ല (അപ്പ 10,28). മാത്രമല്ല, അവരുടെയും കാതുകളിൽ സദ്വാർത്ത മുഴങ്ങണമെന്നത് ദൈവഹിതവും ദൈവപദ്ധതിയുമാണ്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പ് മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനും ലോകമെങ്ങും സാക്ഷ്യംനല്കാനും

വേണ്ടിയുള്ളതാണ്. പത്രോസിനു ലഭിക്കുന്ന ഈ പുതിയ വെളിച്ചമാണ് ആദിമസഭയെ പലസ്തീനയുടെ അതിർത്തികൾക്കപ്പുറത്തേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. വചനത്തിനായി ദാഹിക്കുന്ന കൊർണേലിയൂസിനെപ്പോലെയുള്ളവരുടെ ജീവിതത്തിലേക്ക് സദ്വാർത്തയുമായി പത്രോസിനെപ്പോലെ ധൈര്യപൂർവം കടന്നുചെല്ലാൻ യേശു നമ്മെ ക്ഷണിക്കുന്നു. പക്ഷേ, പത്രോസിനെപ്പെലെ നാം സദ്വാർത്തയാൽ ഒരു ആത്മനവീകരണത്തിനു വിധേയരാകേണ്ടതുണ്ട്. ആഗമനകാലദിനങ്ങൾ നമുക്ക് സുവിശേഷപ്രഘോഷണത്തിനായി സ്വയം ഒരുങ്ങാനുള്ള സമയംകൂടിയാണ്. ദൈവവചനത്തോടുള്ള തുറവ് നമ്മുടെ മുന്നിലുള്ള സാധ്യതയാണെങ്കിൽ, വചനപ്രഘോഷണത്തിനായി ആന്തരികനവീകരണത്തിനുള്ള സന്നദ്ധത നമുക്കുള്ള വെല്ലുവിളിയാണ്.

വചനത്തിനു കാതുകൊടുത്താണ് സഭ സ്വർഗീയജറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. 'ആത്മാവ് പറയുന്നതു കേൾക്കുവിൻ' എന്ന് ക്രിസ്തു സഭകളെ ആഹ്വാനംചെയ്യുന്നത് വെളിപാടിലെ സഭകൾക്കുള്ള കത്തുകളിൽ നാം വായിക്കുന്നു (വെളി 2,7.11.17.29; 3,6.13.22). വഴിയും സത്യവും ജീവനുമായ (യോഹ 4,6) യേശുവിനെ പിഞ്ചെല്ലുന്ന തീർഥാടകയായ സഭയിലെ അംഗങ്ങളായ നമ്മുടെ ഓരോ ചുവടുവയ്പിനും മാർഗദർശിയാണ് സജീവവും എന്നും നവീനവുമായ ദൈവവചനം (ഹെബ്രാ 4,12-13).

### കേരളസഭയും വിശുദ്ധഗ്രന്ഥവും

പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ള കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ സാക്ഷ്യമാണ് ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾ. ബൈബിൾ സഭാസമൂഹത്തിന് സംലഭ്യമാക്കുകയെന്നത് വചനശുശ്രൂഷയിൽ ഏറെ പ്രധാന്യമർഹിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ മലയാളഭാഷയിൽ കത്തോലിക്കാവിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. ഇതുവരെ പത്ത് വ്യത്യസ്ത കത്തോലിക്കാ ബൈബിൾപരിഭാഷകൾ കേരളത്തിൽ വെളിച്ചംകണ്ടിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ പി.ഒ.സി. സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം തികയുകയാണ്. കെസിബിസി

യുടെ നിർദേശപ്രകാരം ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ആദ്യ പിഒസിപരിഭാഷ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂലഭാഷകളുമായി ഒത്തുനോക്കി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പരിഷ്കരിച്ച പുതിയനിയമം പഠനബൈബിളായി 2020-ൽ പ്രസിദ്ധീകരിച്ചു. പഴയനിയമപരിഷ്കരണം അവസാനഘട്ട ഭാഷാസംശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ബൈബിൾ വിവർത്തക സംഘത്തെയും പി.ഒ.സി. നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കാം. മൂലഭാഷയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശ്വാസികളെ സഹായിക്കുമെന്നതിൽ സംശയമില്ല.

വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോഗോസ് ക്വിസ് ഇത്തവണ കൊറോണയുടെ പശ്ചാത്തലത്തിൽ ഡിസംബർമാസം പതിവിലും വ്യത്യസ്തമായി എളിയ രീതിയിലാണ് നടത്തുന്നത്. പ്രവർത്തനസാധ്യതകൾ പരിമിതമായ ഈ സമയത്തും പല രൂപതകളും ഇടവകകളും ബൈബിൾ ആസ്പദമാക്കി ക്രിയാത്മകങ്ങളായ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന ബൈബിൾ യുട്യൂബ്‌വീഡിയോകൾ ഓൺലൈൻ ആയി ബൈബിൾ പഠിക്കുന്നവർക്കും ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കും സഹായകമാണ്.

നാം ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ 'തിരുവചനമണിക്കൂർ' ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു. ഇടവകയിലെ കുടുംബങ്ങൾക്കായി നിശ്ചയിച്ചുകൊടുക്കുന്ന സമ്പൂർണബൈബിളിലെ ഭാഗങ്ങൾ എല്ലാ ഭവനങ്ങളിലും ഈ ഒരു മണിക്കൂർ തുടർച്ചയായി വായിച്ചാൽ എല്ലാ ഇടവകകളിലും സമ്പൂർണബൈബിൾ പാരായണം ഒരു മണിക്കൂർകൊണ്ട് പൂർത്തിയാക്കാൻ സാധിക്കും. സൗകര്യപ്പെടുന്ന ഇടവകകൾ അഖണ്ഡബൈബിൾ പാരായണം നേരിട്ടോ, ഓൺലൈൻ ആയോ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

ബൈബിൾ ഞായറാഴ്ച നിങ്ങൾ നൽകുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി. യുടെയും ബൈബിൾപ്രേഷിതപ്രവർത്തന

ങ്ങളെ ശക്തിപ്പെടുത്തും. വചനത്തിൽ ആഴപ്പെട്ട് 'സദ്‌വാർത്തയുടെ' പ്രേഷിതരും സമൂഹത്തിൽ ഐക്യത്തിന്റെ കണ്ണികൾ സുദൃഢമാക്കുന്നവരും ആകാൻ ആഹ്വാനംചെയ്തുകൊണ്ടും മാംസംധരിച്ച വചനമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

........................................

NB: ഈ സർക്കുലർ 2021 ഡിസംബർ 19-ാം തീയതി എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

<u>യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ:</u> 10

# മാർ യൗസേപ്പിന്റെ ഹൃദയശുദ്ധി

വാത്സല്യമക്കളേ, നമ്മുടെ ജോലികളെ വിശ്വസ്തതയോടെ നിറവേറ്റുവാനുള്ള നന്മകൾ പ്രാപിക്കണമെങ്കിൽ നാം ദൈവസ്നേഹത്തിലും ഹൃദയശുദ്ധിയിലും വ്യാപരിക്കേണ്ടതാണ്. ദൈവം തന്നെ സ്നേഹിക്കുന്നവരെ തന്റെ നന്മകളാൽ സമ്പന്നരാക്കുകയും അവർക്ക് ആവശ്യമുള്ളവ ധാരാളമായി കൊടുക്കുകയും ചെയ്യും. മാർ യൗസേപ്പു പിതാവിന്റെ ഹൃദയശുദ്ധി ദൈവത്തിൽനിന്നും അസാധാരണ നന്മകളെ പ്രാപിക്കാൻ തന്നെ യോഗ്യനാക്കി. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നത്രേ നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നത്. മാർ യൗസേപ്പിതാവിനാകട്ടെ ദൈവത്തെ കാണുന്നതിനു മാത്രമല്ല, തന്റെ കൈകളിൽ എടുക്കുന്നതിനും ആലിംഗനം ചെയ്യുന്നതിനും ചുംബിക്കുന്നതിനും ഭാഗ്യം ലഭിച്ചു. അത് ഒരു പ്രാവശ്യമല്ല, ഒരു ദിവസമല്ല, ഒരു വർഷമല്ല. മുപ്പതു വർഷത്തോളം ദൈവപുത്രനെ തീറ്റിപ്പോറ്റി പരിപാലിക്കുന്നതിനു തനിക്കു ഭാഗ്യം ലഭിച്ചു.

മാർ യൗസേപ്പിന്റെ കൈകൾ നമ്മുടെ കർത്താവിന്റെ ശൈശവത്തിലും യൗവനത്തിലും ആട്ടുതൊട്ടിയായിരുന്നു. ഇതിൽനിന്നും മാർ യൗസേപ്പിതാവിന്റെ ഹൃദയം എത്ര പരിശുദ്ധവും, നിർമ്മലവുമാണെന്നു നമ്മുക്ക് എളുപ്പത്തിൽ അനുമാനിക്കാം. മാർ യൗസേപ്പിതാവിന്റെ ഹൃദയശുദ്ധി തനിക്ക് അദ്ധ്വാനം കൂടാതെ ലഭിച്ചതാണെന്ന് ആരും തെറ്റിദ്ധരിച്ചുകൂടാ. അവിടത്തെ നിരന്തരമായ പരിശ്രമംകൊണ്ടും ഇടവിടാതെയുള്ള പ്രാർത്ഥനമൂലവും ത്യാഗപ്രവൃത്തികൾ, പഞ്ചേന്ദ്രിയ നിഗ്രഹം, ആത്മസംയമനം എന്നിവകൊണ്ടും പ്രാപിച്ചതാണ്. മനസ്സാക്ഷിക്കനുസരണമായവിധം തന്റെ വിചാരങ്ങളെയും വചനങ്ങളെയും പ്രവൃത്തികളെയും നിയന്ത്രിക്കുന്നതിൽ രക്തസാക്ഷികൾക്കടുത്ത ധീരത താൻ കാണിച്ചിരുന്നു. തന്റെ കടമകളെ നിയന്ത്രിക്കുന്നതിൽ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഗണ്യമാക്കാതെ, മനുഷ്യമുഖസ്തുതിയെയും ധനത്തെയും സന്തോഷത്തെയും വകവയ്ക്കാതെയുമാണ് താൻ പ്രവർത്തിച്ചിരുന്നത്. ദൈവത്തെപ്രതി മാത്രമാണ് തന്റെ ജോലി

കൾ സർവ്വവും ചെയ്തിരുന്നത്. തന്റെ ഓരോ പ്രവൃത്തിയും ഓരോ ദിവ്യസ്നേഹപ്രകരണമായിരുന്നു. തന്റെ ഓരോ ശ്വാസവും ദൈവത്തിൻ പക്കലേക്കുള്ള തന്റെ ഹൃദയത്തിന്റെ ഉയർച്ചയായിരുന്നു. എല്ലാ സൃഷ്ടികളിലും ദൈവത്തെയത്രെ താൻ കാത്തിരുന്നത്. തന്റെ വീടും വേലസ്ഥലവും ധ്യാനസ്ഥലങ്ങളായി താൻ ഉപയോഗിച്ചിരുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയായി ശത്രു ഉള്ളിൽ പ്രവേശിക്കുമെന്നു താൻ അറിഞ്ഞിരുന്നതിനാൽ അതുകളെ അടക്കുന്നതിലും, ന്യായരഹിതമായ യാതൊന്നും അതുകൾക്ക് അനുവദിക്കാതിരിക്കുന്നതിലും താൻ സദാ ശ്രദ്ധ പതിപ്പിച്ചിരുന്നു. അദ്ധ്വാനമേറിയ വേലകളാലും പ്രായശ്ചിത്ത പ്രവൃത്തികളാലും തന്റെ മാംസത്തെ ബുദ്ധിക്കു കീഴ്പ്പെടുത്തുന്നതിൽ താൻ ഏറ്റവും വലിയ നിഷ്കർഷ വച്ചിരുന്നു. ഇപ്രകാരമെല്ലാമാണ് മാർ യൗസേപ്പ് പുണ്യവാൻ തന്റെ ഹൃദയം മലിനപ്പെടാതെ കാത്തുസൂക്ഷിച്ചത്.

ഇതാ നമുക്ക് എത്രയും വിശിഷ്ടമായ ദൃഷ്ടാന്തം. നമുക്കും ഹൃദയവിശുദ്ധിയെ പാലിക്കണമെന്നുണ്ടെങ്കിൽ മാർ യൗസേപ്പിന്റെ ദൃഷ്ടാന്തം അനുകരിച്ച് വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ നമ്മുടെ ശരീരത്തെ അടക്കി അതിനെ അരൂപിക്ക് അടിമയാക്കണം. അല്ലെങ്കിൽ ശരീരദുരാശകൾ ശക്തിപ്പെട്ട്, അരൂപിയെ ശരീരത്തിന് അടിമയാക്കുകയും മൃഗീയമായ വികാരങ്ങൾക്ക് അധീനരായി ഹൃദയം അശുദ്ധമായി പോകുന്നതിന് ഇടവരുകയും ചെയ്യും. അതിനാൽ, എപ്പോഴും പ്രത്യേകിച്ച് നോമ്പുകാലത്ത്, നോമ്പിന്റെ നിയമങ്ങളെ ശരിയായി അനുസരിച്ചു ശരീരദുരാശകളെ അടക്കികൊണ്ടും പ്രാർത്ഥനാമൂലം നമ്മുടെ കർത്താവിന്റെ പാടുപീഢകളെ ഓർത്തു ധ്യാനിച്ചുകൊണ്ടും നിങ്ങളുടെ ഹൃദയം വേണ്ടവിധം ശുദ്ധമായി സൂക്ഷിക്കുന്നതിന് ഉത്സാഹിപ്പിൻ. നിങ്ങളുടെ ഹൃദയം നല്ലപോലെ ശുദ്ധമല്ലെങ്കിൽ നല്ല കുമ്പസാരത്താൽ അതിനെ ശുദ്ധിവരുത്തുന്നതിനായി ഉത്സാഹിപ്പിൻ. ഹൃദയം നല്ലപോലെ ശുദ്ധമായിരിക്കണമെന്നു വിചാരിക്കുന്നവർ അത് അശുദ്ധമാകാതിരിപ്പാനും ശ്രമിക്കട്ടെ.

*(മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ 1927 ഫെബ്രുവരി മാസത്തിലെ ഇടയലേഖനത്തിൽനിന്ന്)*

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## DECEMBER 2021

| | | | |
|---|---|---|---|
| 7 - 9 | | P.O.C. | K.C.B.C. |
| 10 | pm | Online | Bharath Matha College Governing Body Meeting |
| 12 | pm | Online | Couples Conference C/o Family Apostolate |
| 13 | am | Bishop's House | Deacons Meet |
| 18 | pm | Chavara Cultural Centre | Christmas Celebrations |
| 19 | pm | Online | Christmas Celebrations C/o KCBC Religious Commission & KCMS |
| 25 | am | Kadavanthra | Christmas Mass |
| 27 | am | Kanjoor | Ordination of Dn. Antony Padayatty |
| 29 | am | Kodanad | Ordination of Dn. Antony Edassery |
| 30 | am | Kuzhuppilly | Ordination of Dn. Varkey Maliakkal |

## JANUARY 2022

| | | | |
|---|---|---|---|
| 03 | am | Thannipuzha | Ordination of Dn. Michael Kallookadan |

# കച്ചേരിക്കാര്യം

## സ്വതന്ത്ര ഇടവകയായി ഉയർത്തി

പറവൂർ-കോട്ടയ്ക്കാവ് സെന്റ് തോമസ് ഫൊറോന പള്ളിയുടെ കുരിശുപള്ളിയായിരുന്ന **നീണ്ടൂർ സെന്റ് ജോസഫ്** പള്ളിയെ **BO/NDR/4** നമ്പർ കല്പനയിലൂടെ ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ പിതാവ് **2021 നവംബർ 21-ാം** തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി.

ചാൻസലർ

## വൈദികരുടെ കുർബാന കണക്ക്

2021 ഡിസംബറിലെ മാസധ്യാനാവസരത്തിൽ ബ. വൈദികരുടെ കുർബാന കണക്ക് പുസ്തകം, കുമ്പസാര പത്തോന്തി എന്നിവ ഫൊറോനവികാരിയെ ഏല്പിക്കേണ്ടതാണ്.

അതത് ഫൊറോനകളിൽ സേവനം ചെയ്യുന്ന വൈദികരുടെ പേരുകളടങ്ങിയ ലിസ്റ്റും, പ്രസ്തുത പുസ്തകങ്ങളും പരിശോധനയ്ക്കായി അതിരൂപതാ കച്ചേരിയിൽ എത്തിക്കുവാൻ ബ. ഫൊറോന വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഫാ. ഹോർമിസ് മൈനാട്ടി
സിഞ്ചെല്ലൂസ്

## ഡയറി 2022

അതിരൂപതാ വൈദികർക്കായി അതിരൂപതയിൽനിന്നും എല്ലാ വർഷവും നൽകാറുള്ള ഡയറി ഡിസംബറിലെ മാസധ്യാനാവസരത്തിൽ ഫൊറോനകളിൽ എത്തിക്കുന്നതാണ്.

പാസ്റ്ററൽ കോ-ഓർഡിനേറ്റർ

# വൈദികരുടെ സ്ഥലംമാറ്റതീയതികൾ

**2022 ജനുവരി 29 - അസിസ്തേന്തി അച്ചന്മാർ**

**2022 മാർച്ച് 12 - മറ്റു വൈദികർ**

---

## ബ. വികാരിമാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

## തിരട്ട് സമർപ്പിക്കുന്നതു സംബന്ധിച്ച്

കോവിഡ് അതിജീവനത്തെ തുടർന്ന് ഇടവകകളിലെ പ്രവർത്തനങ്ങൾ സാധരണസ്ഥിതിയിലേക്ക് എത്തികൊണ്ടിരിക്കയാണല്ലോ. അതോടൊപ്പം, തന്നാണ്ട് വർഷത്തെ കണക്കുകൾ ശരിപ്പെടുത്തി തിരട്ട് എത്രയുംവേഗം ഫിനാൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഏതാനും പള്ളികൾക്ക് പലവിധ കെടുതികൾ നിമിത്തം യഥാസമയം തിരട്ട് സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. അങ്ങനെയുള്ള പള്ളികൾക്ക് അതിരൂപത ഫിനാൻസ് ഓഫീസിൽനിന്നും അറിയിപ്പ് നല്കിയിട്ടുള്ളതാണല്ലോ. **2020-21 വർഷത്തെ തിരട്ട്** സമർപ്പിക്കാത്ത പള്ളികൾ **2021 ഡിസംബർ 15**-നകം സമർപ്പിക്കേണ്ടതാണ്.

ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്തുകൊണ്ടിരിക്കുന്ന പള്ളികളും, 12A രജിസ്ട്രേഷനുള്ള പള്ളികളും ഓഡിറ്റ് ചെയ്ത കണക്കുകൾ **2021 ഡിസംബർ 31-നകം** ആദായനികുതി വകുപ്പിന് സമർപ്പിച്ച് ഇൻകം ടാക്സ് **റിട്ടേൺ ഫയൽ** ചെയ്യേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**ഫിനാൻസ് ഓഫീസർ**

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി

# വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ

(2021 ഡിസംബർ - 2022 ജനുവരി)

| | | |
|---|---|---|
| ആന്റണി (നിഖിൽ) പടയാട്ടി, കാഞ്ഞൂർ | 27-12-2021 | 9.15 am |
| ജോസഫ് (നിഖിൽ) മുളവരിക്കൽ, മറ്റൂർ | 28-12-2021 | 9.15 am |
| ആന്റണി (എബിൻ) ഇടശ്ശേരി, കോടനാട് | 29-12-2021 | 9.15 am |
| ജോസഫ് (ഡോൺ) മുളവരിക്കൽ, തുറവൂർ N. | 29-12-2021 | 2.15 pm |
| വർക്കി (അതുൽ) മാളിയേക്കൽ, കുഴുപ്പിള്ളി | 30-12-2021 | 9.15 am |
| പോൾ (നിഖിൽ) പള്ളിപ്പാട്ട്, താബോർ | 31-12-2021 | 9.15 am |
| അഗസ്റ്റിൻ (ജിതിൻ) ഞവരക്കാട്ട്, എറണാകുളം | 01-01-2022 | 9.15 am |
| മാത്യു (ആൻസൺ) നടുപറമ്പിൽ, ഇറുമ്പയം | 01-01-2022 | 2.15 pm |
| മൈക്കിൾ (ബാജിയോ) കല്ലൂക്കാടൻ, താന്നിപ്പുഴ | 03-01-2022 | 9.15 am |
| തോമസ് (റോബിൻ) വാഴപ്പള്ളി, കാലടി | 03-01-2022 | 2.15 pm |
| സിറിൽ (ജെൻസ്) പാലച്ചുവട്ടിൽ, തലയോലപ്പറമ്പ് | 04-01-2022 | 9.15 am |
| ആന്റണി (ബോണി) കട്ടയ്ക്കകത്തൂട്ട്, കരിപ്പാശ്ശേരി | 05-01-2022 | 9.15 am |
| പീറ്റർ ആലക്കാടൻ, ആന്റോപുരം | 06-01-2022 | 9.15 am |

ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഫാ. ഹോർമിസ് മൈനാട്ടി
സിഞ്ചെല്ലൂസ്

# Franciscan Clarist Congregation (FCC)
## Portiuncula, Aluva

| | | |
|---|---|---|
| Superior General | : | Sr. Litty FCC |
| General Councillors | : | Sr. Rose Anitha FCC |
| | | Sr. Princy Rose FCC |
| | | Sr. Jyothis FCC |
| | | Sr. Julie FCC |
| | | Sr. Mercy FCC |
| | | Sr. Josiya FCC |
| Finance Officer | : | Sr. Linta Rose FCC |
| Secretary | : | Sr. Merlin FCC |

# Sadhu Sevana Sabha, Mallussery

| | | |
|---|---|---|
| Superior General | : | Sr. Teena Chorukkavil SSS |
| Councillors | : | Sr. Alice Uppamthadathil SSS |
| | | Sr. Phillis Kollannoor SSS |
| | | Sr. Philo Perumpara SSS |
| | | Sr. Jissa Chengottuthara SSS |

പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# അഭിവന്ദ്യ പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ മാർ ളൂയിസ് പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷിക ദിനമായ ഡിസംബർ 9-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---

# വാർത്തകളും വിശേഷങ്ങളും

## മാനവികതയെക്കുറിച്ചുള്ള പുതിയ ഒരു കാഴ്ചപ്പാട് ഇന്നിന്റെ ആവശ്യം: ഫ്രാൻസിസ് പാപ്പ

മാനവികതയെക്കുറിച്ച്, ബൈബിൾ വെളിപാടിൽ അടിസ്ഥാനമിട്ടതും, വിവിധ സംസ്കാരങ്ങളിൽ മനുഷ്യനെക്കുറിച്ചുള്ള ചിന്തകളാലും അതിലുപരി ചരിത്ര പാരമ്പര്യങ്ങളുടെ പൈതൃകത്താലും സമ്പന്നമായ പുതിയ ഒരു കാഴ്ചപ്പാട് നമുക്ക് ആവശ്യമുണ്ടെന്ന്, സാംസ്കാരികകാര്യങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്ലീനറി സമ്മേളനത്തിനയച്ച വീഡിയോ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ പ്രസ്താവിച്ചു.

പുതിയ സാമ്പത്തിക നയങ്ങളും, കൊറോണ വൈറസിനെതിരായ മരുന്നുകളും മാത്രമല്ല ഇന്നത്തെ ലോകത്തിന് ആവശ്യമെന്ന് പാപ്പ

പറഞ്ഞു. ഇപ്പോഴത്തെ കോവിഡ് മഹാമാരി, സാമൂഹികവും സാമ്പത്തികവുമായ മാതൃകകളെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ പല വിശ്വാസങ്ങളുടെയും ഉറപ്പുകളുടെയും ദൗർബല്യങ്ങളെ വെളിവാക്കുകയും, ഒരു വെല്ലുവിളിയാവുകയും ചെയ്തിട്ടുണ്ടെന്ന് ഓർമ്മിപ്പിച്ച പാപ്പ, നിലവിലെ സമൂഹത്തിൽ നിലനിൽക്കുന്ന വ്യക്തിബന്ധങ്ങൾ, ജോലിരീതികൾ, സാമൂഹ്യജീവിതം, മതപരമായ ആചാരങ്ങൾ, കൂദാശകളിലെ പങ്കാളിത്തം എന്നിവയെയും മഹാമാരി കൊണ്ടുവന്ന വിപത്ത് ബാധിച്ചിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ, ഇവയെക്കാളുപരി, നമ്മുടെ അസ്തിത്വത്തിന്റെ അടിസ്ഥാനമായ, ദൈവത്തെയും മാനവികതയെയും കുറിച്ചുള്ള ചില ചോദ്യങ്ങളും ഇപ്പോഴത്തെ മഹാമാരി ഉണർത്തുന്നുണ്ട്.

എന്താണ് മാനവികത എന്ന ഒരു ചോദ്യം, മനുഷ്യൻ എന്താണ്, സമൂഹജീവിയായ മനുഷ്യൻ ആരാണ് എന്ന ചോദ്യങ്ങളിൽ നിന്നാണ് ഉണ്ടാകുന്നത്. ലോകത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് മാനുഷിക അസ്തിത്വത്തിന്റെ ഉറപ്പുകളെ ബാധിക്കുന്ന ഒരു വിപ്ലവമാണെന്നും, അത്, ചിന്തകളുടെയും പ്രവൃത്തികളുടെയും കൂടുതൽ സൃഷ്ടിപരമായ അധ്വാനം ആവശ്യപ്പെടുന്നുണ്ടെന്നും പാപ്പ ഓർമ്മിപ്പിച്ചു. കാരണം ഇപ്പോൾ നടക്കുന്ന ഈ വിപ്ലവം സൃഷ്ടികർമ്മത്തെക്കുറിച്ചും, ജനനത്തെക്കുറിച്ചും മരണത്തെക്കുറിച്ചും മനസ്സിലാക്കുന്ന രീതികളെത്തന്നെ ഘടനാപരമായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ നിഷേധാത്മകമായി മാത്രം നമുക്ക് നിലനിൽക്കാനാകില്ല എന്നും, മറിച്ച്, മാനവിക പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ലോകത്തിലെ മനുഷ്യന്റെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ ഇത് നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ഈ വിചിന്തനം, മനുഷ്യജീവിതത്തിന്റെ യജമാനനല്ല മറിച്ച് ദാസനായാണ് നടത്തേണ്ടത്. ഐക്യദാർഢ്യത്തിന്റെയും അനുകമ്പയുടെയും മൂല്യങ്ങളോടെ പൊതുനന്മയുടെ നിർമ്മാതാവ് എന്ന നിലയിലാണ് മനുഷ്യൻ പ്രവർത്തിക്കേണ്ടത് എന്നും പാപ്പ ഓർമ്മിപ്പിച്ചു.

# വിശ്വാസപരിശീലനകേന്ദ്രം

ഡിസംബർ മാസത്തെ നിയോഗം: **'തിരുകുടുംബത്തോടൊപ്പം'**

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3.16). ഇമ്മാനുവൽ ആയ ദൈവത്തെ സ്വീകരിക്കാൻ നാം ഡിസംബർ മാസം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. 'തിരുകുടുംബത്തോടൊപ്പം' എന്നതാണ് ഈ മാസത്തെ നിയോഗം. തിരുകുടുംബത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ദൈവഹിതം അനുസരിച്ച് ജീവിച്ചു എന്നുള്ളതാണ്. യൗസേപ്പിതാവിനും മാതാവിനും ഉണ്ണിയേശുവിനുമൊപ്പം നമുക്കും ദൈവഹിതാനുസരണം ജീവിക്കുന്നവരാകാം. ഇതിന് സഹായകമായ പ്രോഗ്രാമുകൾ ഇടവകതലത്തിൽ ക്രമീകരിക്കുമല്ലോ.

1. **'Holy Home'** : 2021 ഡിസംബർ 1 മുതൽ 25 വരെ ക്രിസ്മസിന് ഒരുക്കമായി 25 ഇടവകകളിൽ നിന്നും ഓരോ ദിവസവും വിശ്വാസ പരിശീലകർ തയ്യാറാക്കുന്ന വീഡിയോ പ്രോഗ്രാം. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുമുള്ള 25 കുടുംബങ്ങളെ വ്യത്യസ്തവും ക്രിയാത്മകവുമായ അവതരണശൈലിയിലൂടെ പരിചയപ്പെടുത്തുന്നു. വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യമായ 'ക്രിസ്തീയ കുടുംബം രക്ഷയുടെ പാതയിൽ' എന്നതിനെ ആസ്പദമാക്കി കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനദർശനത്തെ കൂടുതൽ ദീപ്തമാക്കുവാനാണ് ഈ പ്രോഗ്രാം ലക്ഷ്യം വയ്ക്കുന്നത്.

2. **JustJo Action Song Competition:** മാർപാപ്പ പ്രഖ്യാപിച്ച വി. യൗസേപ്പിതാവിന്റെ വർഷത്തിന്റെ സമാപനം ഡിസംബർ 08-ാം തീയതിയാണ്. 2021 ഇന്റൻസീവ് ബൈബിൾ കോഴ്സ് Justjo 2021 പുസ്തകത്തിലെ അവസാനത്തെ ഗാനത്തിന് ദൃശ്യഭംഗി നൽകുവാൻ ഒരവസരം. ഒന്നാം സമ്മാനം 5001 രൂപ. രണ്ടാം സമ്മാനം 3001 രൂപ. മൂന്നാം സമ്മാനം 2001 രൂപ. അവസാന തീയതി 2022 ജനുവരി 23. നിബന്ധനകൾ: 1) ഗ്രൂപ്പായി വേണം കളിക്കാൻ., 2) മിനിമം നാല് പേർ ഉണ്ടായിരിക്കണം.

3. **റെസിഡൻഷ്യൽ കോഴ്സ്:** 2021-2022 അദ്ധ്യായനവർഷത്തിൽ നേരത്തെ അറിയിച്ചിരുന്നതുപോലെ ഡിപ്ലോമക്കാർക്കുള്ള റെസിഡൻഷ്യൽ കോഴ്സ് ഉണ്ടായിരിക്കുന്നതല്ല.

4. **സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം:** ഡിപ്ലോമ ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ പഠിച്ചതും പരിശീലിച്ചതുമായ വിശ്വാസത്തെ ജീവിതബന്ധിയായി പ്രവർത്തിപദത്തിലേക്ക് എത്തിക്കുന്ന രണ്ട് പ്രവർത്തനങ്ങളാണ് ഇത്. Prot. No. 01112021/50ലെ സർക്കുലറിലും നവംബർ മാസത്തെ *എറണാകുളം മിസ്സ*ത്തിലും അറിയിച്ചതുപോലെ അതിന്റെ വർക്കുകൾ ചെയ്ത് ജനുവരി 23-ാം തീയതിയ്ക്കു മുമ്പായി മാർക്ക് കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തണം.

5. **ജനുവരി 02 ഞായർ:** ഈ വർഷത്തെ രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് ഓരോ വിഭാഗത്തിനുമുള്ള ക്ലാസ്സുകളിൽ പങ്കെടുക്കുകയും നൽകുന്ന അസൈൻമെന്റിന്റെ അടിസ്ഥാനത്തിലുമാണ് 5-ലുള്ള മാർക്ക് നൽകേണ്ടത്. ഈ ക്ലാസ്സുകൾ ജനുവരി 02 ഞായറാഴ്ച നൽകുന്നതാണ്.

| | | |
|---|---|---|
| 1, 2, 3 | – | ക്ലാസുകൾ: നല്ല ശീലങ്ങൾ |
| 4, 5, 6 | – | ക്ലാസുകൾ: നീർച്ചാലുകൾ കുർബാന |
| 7, 8, 9, 10 | – | ക്ലാസുകൾ: Know Thyself - ലൈംഗിക ബോധവൽക്കരണ ക്ലാസ് |
| 11, 12 | – | ക്ലാസുകൾ : മികവ് : Career Guidance Class |

6. **പത്താം ക്ലാസ്സ് & ഡിപ്ലോമ കുട്ടികളുടെ വാർഷികപരീക്ഷ :** തീയതി: 2022 ജനുവരി 30. സമയം: ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ (പഠിക്കേണ്ട അദ്ധ്യായങ്ങൾ: ഡിപ്ലോമ - എട്ടു മുതൽ പന്ത്രണ്ട് വരെ; പത്താം ക്ലാസ്സ് - എട്ടു മുതൽ പതിനഞ്ച് വരെ). ചോദ്യപേപ്പറുകൾ അതിരൂപതകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. പരീക്ഷയക്ക് മുമ്പായി കുട്ടികളുടെ പേര് വിവരങ്ങളും ഹാജർ ശതമാനവും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും (ഡിപ്ളോമ കുട്ടികൾക്ക് അഡോപ്റ്റ് എ ഫാമിലി & ഔട്ട്റീച്ച് മാർക്കുകളും) കൃത്യമായി പരിശോധിച്ച് എന്റർ ചെയ്യേണ്ടതാണ്.

7. **SAINTS' MEET:** അതിരൂപതയിലെ ഓരോ ഇടവകയിൽ നിന്നും ഒരു വിശുദ്ധനെ/വിശുദ്ധയെ പരിചയപ്പെടുത്തുന്ന ഒരു വീഡിയോ പ്രോഗ്രാം നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. ഓരോ ഇടവകയ്ക്കും ലഭിച്ചിരുന്ന വിശുദ്ധനെ/വിശുദ്ധയെ അവതരിപ്പിച്ച വീഡിയോ Media Catechetical Ministry Youtube ചാനലിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. 205 വീഡിയോകൾ അപ്പ്ലോഡ് ചെയ്തു. ഓരോ ഇടവകയുടെയും ഉത്തരവാദിത്വത്തിലാണ് ഇത് ക്രമീകരിച്ചത്.

